**സബ്മിഷൻ**

## (1) കാഞ്ഞങ്ങാട് സിവിൽ സർവ്വീസ് അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എന്റെ മണ്ഡലത്തിലെ കാഞ്ഞങ്ങാട് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഉന്നയിക്കുന്നത്. കാഞ്ഞങ്ങാട് സിവിൽ സർവ്വീസ് അക്കാദമി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്, നിലവിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ടാലന്റ് ഡെവലപ്മെന്റ് കോഴ്സും ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുമാണുള്ളത്. കാസർഗോഡ് ജില്ലയിൽ സിവിൽ സർവ്വീസ് പരിശീലനം നൽകുന്ന മികച്ച കേന്ദ്രങ്ങൾ മറ്റൊന്നുമില്ലാത്തതിനാൽ ജില്ലയിലെ കുട്ടികൾ മറ്റുജില്ലകളിലെ പരിശീലനകേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. അതിനുസാധിക്കാത്തവർ തങ്ങളുടെ ആഗ്രഹങ്ങൾതന്നെ ഉപേക്ഷിക്കുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. ആയതിനാൽ കാഞ്ഞങ്ങാട് സെന്ററിൽ ഡിഗ്രി പഠനം പൂർത്തിയായവർക്ക് പ്രിലിമിനറി-കം-മെയിൻ റഗുലർ ബാച്ചും ഡിഗ്രി പഠിച്ചുകൊണ്ടിരിക്കുന്നവർക്ക് പ്രിലിമിനറി-കം-മെയിൻ വീക്കെൻഡ് (ശനി,

ഞായർ ദിവസങ്ങളിൽ മാത്രമുള്ള) ബാച്ചും തുടങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. കാഞ്ഞങ്ങാട് സെന്റർ നിലവിൽ നഗരസഭയുടെ സയൻസ് പാർക്കിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിൽ നഗരസഭ പുതിയ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിയിലാണെന്ന് പറയുന്നു. ഈ സാഹചര്യത്തിൽ ഹോസ്ദുർഗ് വില്ലേജിൽ കാഞ്ഞങ്ങാട് പട്ടണത്തിൽ എ.ഇ. ഓഫീസ്, കോടതി എന്നിവയ്ക്ക് സമീപം റവന്യൂ വകുപ്പ് കണ്ടെത്തി കൈമാറ്റം ചെയ്യാൻ തയ്യാറായ 50 സെന്റ് ഭൂമി ലഭിക്കുന്നതിന് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള തുടർനടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥന. ഇതുസംബന്ധിച്ച് ഒന്നര വർഷം മുമ്പ്, 17-11-2022-ൽ ഡയറക്ടർക്ക് ഞാൻ കത്ത് നൽകിയെങ്കിലും നടപടിയായിട്ടില്ല. ആവശ്യമായ ഭൂമി നൽകുന്നതിന് റവന്യൂ വകുപ്പ് തയ്യാറായിട്ടും സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ഡയറക്ടർ ഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെടുന്ന സ്ഥിതിയില്ലാത്തതിന്റെ പ്രശ്നമാണ് ഇപ്പോഴുള്ളത്. ഭൂമി കൈമാറ്റം നടന്നാൽ പുതിയ കെട്ടിടം ഒരുക്കി കാഞ്ഞങ്ങാട് സിവിൽ സർവ്വീസ് അക്കാദമിയെ മികച്ച ഒരു സെന്റർ ആക്കി മാറ്റാൻ

കഴിയുമെന്ന പ്രതീക്ഷയുണ്ട്. ഇതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി കാഞ്ഞങ്ങാട് സബ് സെന്ററിൽ 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ടാലന്റ് ഡെവലപ്മെന്റ് കോഴ്സും പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുമാണ് നടത്തിവരുന്നത്. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കാഞ്ഞങ്ങാട് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഹോസ്ദുർഗ് താലൂക്കിൽ റീസർവ്വേ നമ്പർ 289/2B-യിൽ കാസർഗോഡ് ജില്ലാ കളക്ടർ കണ്ടെത്തിയ 57 സെന്റ് ഭൂമി ഈ സെന്റർ ആരംഭിക്കുന്നതിന് അനുയോജ്യമായിരുന്നില്ല. പകരം റീസർവ്വേ 279/11, 279/2 എന്നീ നമ്പരുകളിൽ 50 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും പ്രസ്തുത ഭൂമി കൈമാറ്റം ചെയ്ത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. എം.എൽ.എ. ശ്രീ. ഇ. ചന്ദ്രശേഖരൻ CCEK (Centre for Continuing Education, Kerala)-യോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പരിമിതമായ എണ്ണം

വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള ആവശ്യകത ഇല്ലാതിരുന്നതിനാൽ ഡയറക്ടർ തുടർനടപടി സ്വീകരിച്ചില്ല. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി സൗജന്യമായി നൽകിയ സ്ഥലത്ത് ക്ലാസ്സുകൾ നടത്തുന്നതിന് നിലവിൽ മതിയായ സൗകര്യമുണ്ട്. കഴിഞ്ഞ രണ്ടുവർഷം കാഞ്ഞങ്ങാട് സെന്ററിൽ TDC (Talent Development Course), CSFC(Civil Service Foundation Course) എന്നീ ബാച്ചുകളിൽ വളരെ കുറച്ചുകുട്ടികൾ മാത്രമെ അഡ്മിഷൻ നേടിയിരുന്നുള്ളൂ. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം, കൊല്ലം, ആലുവ, പാലക്കാട്, പൊന്നാനി, കോഴിക്കോട്, കല്യാശ്ശേരി എന്നീ സെന്ററുകളിൽ മാത്രമാണ് പ്രധാന കോഴ്സായ പ്രിലിംസ്-കം-മെയിൻ കോഴ്സ് നടത്തുന്നത്. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി സംസ്ഥാനത്തെ താൽപ്പര്യമുള്ള മുഴുവൻ വിദ്യാർഥികൾക്കും സിവിൽ സർവ്വീസ് പരിശീലനത്തിന് സൗകര്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ PCM (Preliminary cum Mains) കോഴ്സൾപ്പെടെയുള്ള എല്ലാ കോഴ്സുകൾക്കും ഓൺലൈൻ പരിശീലന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിദ്യാർഥികളുടെ മതിയായ

എണ്ണത്തിന്റെ അഭാവത്തിൽ കാഞ്ഞങ്ങാട് സെന്ററിൽ PCM കോഴ്സും PCM വീക്കെൻഡ് കോഴ്സും ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. വിദ്യാർഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയോ പുതിയ കോഴ്സുകൾ ആരംഭിക്കുകയോ ചെയ്യുമ്പോൾ ഭൂമി കൈമാറ്റം ചെയ്ത് പുതിയ കെട്ടിടം പണിയുന്നതിന്റെ ആവശ്യകതയും പ്രിലിമനറി-കം-മെയിൻ വീക്കെൻഡ് കോഴ്സും പ്രിലിമിനറി-കം-മെയിൻ റഗുലർ കോഴ്സും ആരംഭിക്കുന്ന കാര്യം പരിശോധിക്കും.

## 2. അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. യു. എ. ലത്തീഫ്: ലോകത്ത് 22 രാഷ്ട്രങ്ങളിൽ കോടാനുകോടി ആളുകൾ സംസാരിക്കുന്ന ഒരു ഭാഷയാണ് അറബിക്. അതൊരു ക്ലാസിക്കൽ, സാഹിത്യസമ്പദ്, തൊഴിൽ ഭാഷയാണ്. ഇക്കാരണത്താൽ ഐക്യരാഷ്ട്ര സഭ അംഗീകരിച്ച ഭാഷ കൂടിയാണ് അറബിക്. കേരള ചരിത്രം ആദ്യമായി എഴുതിയത് പോർച്ചുഗീസുകാരുടെ ആക്രമണകാലത്ത് പൊന്നാനിയിലെ ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം ആണ്. അദ്ദേഹം അത് എഴുതിയത് അറബിക് ഭാഷയിലായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ യൂണിവേഴ്സിറ്റി ആക്ട് നിലവിൽ

വന്നതുമുതൽ മുംബൈ, കൊൽക്കത്ത, മദ്രാസ് യൂണിവേഴ്സിറ്റികളിൽ സംസ്കൃതത്തോടൊപ്പം അറബിയും പഠിപ്പിച്ചുവന്നു. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലും അത് തുടരുന്നു. കേരള ചരിത്രത്തിൽ തിരുവിതാംകൂർ, തിരു-കൊച്ചി സർക്കാരിന്റെ കാലത്തും വിദ്യാലയങ്ങളിൽ അറബി ഭാഷ പഠിപ്പിച്ചിരുന്നു. ഇ.എം.എസ്. മന്ത്രിസഭയുടെ കാലം മുതൽ രണ്ടാം പിണറായി സർക്കാരിന്റെ കാലത്തും കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ആയിരക്കണക്കിന് വിദ്യാർത്ഥികൾ അറബി പഠിച്ച് പുറത്തുവരുന്നുണ്ട്. ഇപ്പോഴും പഠനം തുടരുകയാണ്. നാഷണൽ എഡ്യൂക്കേഷൻ പോളിസി അനുസരിച്ച് പ്രൊഫഷണൽ വിദ്യാലയങ്ങളിൽപോലും മൈനർ വിഷയമായി അറബി നിർദേശിക്കുന്നുണ്ട്. വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് രാഷ്ട്രങ്ങളിലും ആഫ്രിക്കൻ രാഷ്ട്രങ്ങളിലും കേരളത്തിൽനിന്നുള്ള വിവിധ സമുദായങ്ങളിൽപ്പെട്ട ആളുകൾ ജോലി ചെയ്തുവരുന്നുണ്ട്. അറബി ഭാഷ സ്വായത്തമാക്കിയാൽ മേൽപറഞ്ഞ രാജ്യങ്ങളിലും വികസിച്ചുവരുന്ന രാഷ്ട്രങ്ങളിലും മെച്ചപ്പെട്ട തൊഴിൽസാധ്യത ഉറപ്പാക്കാവുന്നതാണ്. മാനവ വിഭവശേഷി വർധിപ്പിക്കാനും ഇത് ഉപകരിക്കും.

1993-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയും മുസ്ലീംലീഗ് നേതാവായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ മന്ത്രിയും ആയിരുന്നപ്പോഴാണ് കേരളത്തിൽ ആദ്യമായി കാലടിയിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സ്ഥാപിച്ചത്. അന്ന് കേരളത്തിന് നൽകിയ വാഗ്ദാനം കൂടിയായിരുന്നു അറബിക് സർവ്വകലാശാല. പാലോളി കമ്മിറ്റിയുടെ ശിപാർശയിലും അറബിക് സർവ്വകലാശാല സ്ഥാപിക്കണമെന്നുണ്ട്. മലയാള സർവ്വകലാശാലയിൽ മലയാളം മാത്രമല്ല മറ്റ് വിഷയങ്ങളും പഠിപ്പിക്കുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദേശ നാടുകളിൽ പോകുന്നവരുൾപ്പെടെയുള്ള മലയാളികൾക്ക് തൊഴിൽപരമായ സാധ്യതകൾ വിപുലീകരിക്കുന്നതിന് കൂടി ഉതകുന്ന രീതിയിൽ 2024-25 അധ്യയന വർഷം മുതൽ സർവ്വകലാശാലകൾ കരിക്കുലം പരിഷ്കരണം പ്രായോഗികമായി നടപ്പിലാക്കുകയാണ്. പുതിയ കരിക്കുലം

ആവശ്യപ്പെടുന്ന രീതിയിലുള്ള കോഴ്സുകൾ വിവിധ പ്രോഗ്രാമുകൾക്കായി സർവ്വകലാശാല പഠന ബോർഡുകൾ വികസിപ്പിച്ചിട്ടുണ്ട്. അറബിക് ഉൾപ്പെടെയുള്ള ഭാഷകൾ പഠിക്കുന്നതിനാവശ്യമായ മേജർ/മൈനർ കോഴ്സുകളും നൈപുണ്യ വികസന കോഴ്സുകളും പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. അറബിക് ഭാഷാപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ അവസരങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. അറബിക് ഭാഷയുമായി ബന്ധപ്പെട്ട ബിരുദ-ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും നൽകിവരുന്നുണ്ട്. ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ അറബിക് ഭാഷാപഠനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഒരു മികവിന്റെ കേന്ദ്രം പൊന്നാനി കേന്ദ്രീകരിച്ച് സ്ഥാപിക്കുന്ന കാര്യം സർക്കാർ ഇതിനകം പ്രഖ്യാപിച്ചുകഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്. പുതിയ സർവ്വകലാശാലകൾ തുടങ്ങുന്നതിനുള്ള നിർദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(3) <u>കേരള പുരാണ പാരായണ സംഘടന കലാകാരന്മാരുടെ പെൻഷൻ</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, നമ്മുടെ ക്ഷേത്രങ്ങളിൽ രാമായണവും മഹാഭാഗവതവും ഭഗവത്ഗീതയും പാരായണം ചെയ്യുന്ന കലാകാരന്മാരാണ് പുരാണ പാരായണ കലാകാരന്മാർ. അവരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായിരുന്നു. അവർക്ക് 2013 മുതൽ പെൻഷനും കൊടുത്തിരുന്നു. അവർ കൃത്യമായി അംശാദായം അടയ്ക്കുന്നവരുമാണ്. എന്നാൽ, 2016 മുതൽ അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുകയാണ്. പിന്നീട് 08-12-2016 മുതൽ സർക്കാർ തന്നെ ഉത്തരവിറക്കി അവരുടെ മറ്റ് ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു. നിലവിൽ പുരാണ പാരായണ കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നില്ല; അപേക്ഷ സ്വീകരിക്കുന്നില്ല. മുൻപ് സ്വീകരിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുക്കാതെയും പെൻഷൻ കൊടുക്കാതെയും തുടരുകയാണ്. ബഹുമാനപ്പെട്ട മുൻ സ്പീക്കർ വി. എം. സുധീരൻ ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും കത്തയച്ചിരുന്നു. അതിന്മേൽ സർക്കാരിൽനിന്ന്

ലഭിച്ച മറുപടിയിൽ പറയുന്നത് പുരാണ പാരായണ കലാകാരന്മാരെ കലാകാരന്മാരുടെ പട്ടികയിൽനിന്ന് ഒഴിവാക്കിയെന്നാണ്. ഇത് വളരെ ഗൗരവകരമായ ഒരു വിഷയമാണ്. നിയമസഭ പാസ്സാക്കിയ ഒരു ക്ഷേമനിധിയാണ് സാംസ്കാരിക ക്ഷേമനിധി. അതിൽ പുരാണ പാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം എന്നിവയിൽ ഏർപ്പെടുന്നവർ കലാകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും പട്ടികയിൽപെടുന്നുവെന്ന് പരാമർശിക്കുന്നുണ്ട്. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിൽനിന്നും ഏതെങ്കിലും ഒരു വിഭാഗത്തെ ഒരു എക്സിക്യൂട്ടീവ് ഉത്തരവുവഴി, അവർ കലാകാരന്മാരല്ലെന്ന് തീരുമാനിക്കാൻ ഒരു ഉദ്യോഗസ്ഥനും കഴിയില്ല. ഇത് സഭ പാസ്സാക്കിയ ഒരു നിയമമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. 70-75 വയസ്സുള്ള പ്രായംചെന്ന കലാകാരന്മാർക്ക് സെക്രട്ടേറിയറ്റിനു മുന്നിൽവന്ന് സമരം ചെയ്യാൻ സാധിക്കില്ല. അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന തുച്ഛമായ പെൻഷൻ തുടർന്നും ലഭിക്കാനും അവരുടെ അപേക്ഷകൾ കെട്ടിക്കിടക്കുന്നത്

സ്വീകരിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ച പ്രശ്നം നമ്മൾ ഗൗരവമായി എടുക്കേണ്ടതാണ്. നിലവിൽ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ 1099 പുരാണ പാരായണ കലാകാരന്മാർ അംഗങ്ങളായിട്ടുണ്ട്. ഇതിൽ 348 പേർക്ക് പെൻഷനും 16 പേർക്ക് ഫാമിലി പെൻഷനും കൂടാതെ അംഗങ്ങൾക്ക് ചികിത്സാ സഹായമുൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽനിന്ന് ക്ഷേമനിധി അംഗത്വത്തിനായി അപേക്ഷിക്കുന്നവർക്ക് 2016 മുതൽ അംഗത്വം ലഭിക്കുന്നില്ല. പലപ്പോഴും അംഗത്വത്തിനുവേണ്ടി അപേക്ഷ കൊടുക്കുമ്പോൾ കലാകാരന്മാരെന്ന് തെളിയിക്കാനുള്ള രേഖകൾ സമർപ്പിക്കാൻ അവർക്ക് കഴിയുന്നില്ല എന്നതാണ് ഇക്കാര്യം പരിശോധിച്ചപ്പോൾ ഞാൻ മനസ്സിലാക്കിയത്. വ്യക്തമായ രേഖകൾ സമർപ്പിക്കാൻ കഴിയാതെ വരികയും മറുഭാഗത്തുകൂടി അവ്യക്തമായ രേഖകളും

അല്ലെങ്കിൽ ഈ രംഗത്ത് ഇല്ലാത്തവരുടെ അപേക്ഷകളും വരുന്നതായ ഒരു പരാതിയുടെ പശ്ചാത്തലത്തിലാണ് 2016-ൽ ഇത് താൽക്കാലികമായി നിർത്തിവച്ചത്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, പുരാണ പാരായണ കലാകാരന്മാർക്ക് സാക്ഷ്യപത്രം നൽകാനുള്ള സംവിധാനങ്ങളോ അതിന് അംഗീകാരമുള്ള സ്ഥാപനങ്ങളോ നിലവിലില്ല. അതുകൊണ്ട് അർഹതയില്ലാത്തവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ ഇടവരാത്ത രൂപത്തിൽ ഒരു സാഹചര്യമുണ്ടാക്കുകയും വേണം. നിലവിൽ ക്ഷേമനിധിയിൽ കലാകാരന്മാർക്ക് അംഗത്വം നൽകുന്നില്ല. എന്നാൽ, മുൻ സ്പീക്കർ ചൂണ്ടിക്കാണിച്ച പ്രശ്നത്തിന് സർക്കാരിന്റെ ഭാഗത്തുനിന്ന് അന്ന് മറുപടി കൊടുത്തിരുന്നു. അങ്ങ് സൂചിപ്പിച്ച പ്രശ്നം ഗൗരവമുള്ളതായതുകൊണ്ട് അർഹതയുള്ള ആളുകൾക്ക് അംഗത്വം കൊടുക്കണം. അതിനൊരു മാനദണ്ഡമുണ്ടാക്കണമെന്നാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി അഖില കേരള പുരാണ പാരായണ കലാസംഘടനാ ജനറൽ സെക്രട്ടറി, ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ WP(C) No. 2507/2022 എന്ന റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അത് പ്രധാനപ്പെട്ട ഒരു സംഘടനയല്ല. അപ്രധാനപ്പെട്ട ഒരു സംഘടന കൊടുത്ത ഒരു പരാതിയുടെ പേരിൽ കലാകാരന്മാരുടെ ആനുകൂല്യം നീണ്ടുപോകരുത്. അങ്ങ് പറഞ്ഞ ഒരു കാര്യം ശരിയാണ്. സർക്കാർ ഒരു മാനദണ്ഡം നിശ്ചയിച്ച് അനർഹരെ ഒഴിവാക്കി പെൻഷൻ നൽകിയാൽ മതിയാകും.

ശ്രീ. സജി ചെറിയാൻ: സർ, കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ കോടതിയുടെ തീരുമാനം കൂടി വരേണ്ടതുണ്ട്. എങ്കിലും അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിലും മാനുഷിക പരിഗണനയുടെ പേരിലും നമ്മുടെ സംസ്കാരത്തിന്റെയും ഭാഗമായി സർക്കാർ ഈ വിഷയം പുനഃപരിശോധിക്കും. അർഹതപ്പെട്ടവർക്ക് മാനദണ്ഡപ്രകാരം അംഗത്വം നൽകുന്നതിനും തുടർസഹായം ചെയ്യുന്നതിനും തീരുമാനമുണ്ടാകുമെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

(4) <u>അരയാഞ്ഞിലിമൺ നടപ്പാലം നിർമ്മാണം</u>

ശ്രീ. പ്രമോദ് നാരായൺ: സർ, അരയാഞ്ഞിലിമണ്ണിലെ ആദിവാസികളുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ യാത്രാദുരിതത്തിന് പരിഹാരം

കാണാൻ അനുവദിച്ച സ്റ്റീൽ നടപ്പാലത്തിന്റെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കാൻ എത്രയുംവേഗം നടപടിയുണ്ടാകണം എന്നതാണ് എന്റെ സബ്മിഷൻ. മൂന്ന് വശം വനവും മുമ്പിൽ പമ്പയുമുള്ള അരയാഞ്ഞിലിമണ്ണിലെയും കുരുമ്പൻമൂഴിയിലെയും ജനങ്ങൾ നദി കടക്കാൻ ആശ്രയിക്കുന്ന ക്രോസ് വേകൾ മഴക്കാലത്ത് മുങ്ങിപ്പോയാൽ അവർ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയാണ്. എം.എൽ.എ. എന്ന നിലയിൽ നിരവധി തവണ ഈ പ്രശ്നം സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരികയും 2022 സെപ്റ്റംബർ 24-ന് സ്ഥലം സന്ദർശിച്ച, അന്ന് മന്ത്രിയായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ കുരുമ്പൻമൂഴിയിൽ 3.97 കോടി രൂപയും അരയാഞ്ഞിലിമണ്ണിൽ 2.69 കോടി രൂപയും സ്റ്റീൽ നിർമ്മിത നടപ്പാലങ്ങളുടെ നിർമ്മാണത്തിനായി അനുവദിക്കുകയും ചെയ്തിരുന്നു. കുരുമ്പൻമൂഴിയിൽ പദ്ധതി ടെണ്ടർ ചെയ്യുകയും സ്ഥലപരിശോധനയടക്കം നടക്കുകയും ചെയ്തെങ്കിലും അരയാഞ്ഞിലിമണ്ണിൽ പി.ഡബ്ല്യു.ഡി. (പാലം) വിഭാഗം തന്നെ നിർമ്മാണം നടത്തണമെന്ന നിർദേശമുണ്ടായതിനെത്തുടർന്ന് പദ്ധതി ആരംഭിക്കാൻ കഴിഞ്ഞില്ല. പി.ഡബ്ല്യു.ഡി. (പാലം) വിഭാഗം തങ്ങൾക്ക് ഇതിന് വൈദഗ്ദ്ധ്യമില്ലെന്ന്

കാണിച്ച് കത്ത് നൽകിയിട്ട് മാസങ്ങളായി. മഴക്കാലമായാൽ കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല, ആളുകൾക്ക് തൊഴിലിന് പോകാൻ കഴിയുന്നില്ല, അവിടെയുള്ള രോഗികൾക്കും ഗർഭിണികൾക്കും മരുന്നെത്തിക്കാൻ എൻ.ഡി.ആർ.എഫ്. ടീമിനെ ആശ്രയിക്കേണ്ടിവരുന്നു. ഈ പ്രശ്നത്തിന് സമയബന്ധിതമായി പരിഹാരമുണ്ടാകണമെന്ന് കാണിച്ച് നിരവധി കത്തുകൾ നൽകി. ബഹുമാന്യനായ മന്ത്രി ചുമതല ഏറ്റെടുത്തതിനുശേഷം അദ്ദേഹത്തിന് ലഭിച്ച ആദ്യ നിവേദനങ്ങളിലൊന്ന് ഇതിന് പരിഹാരം കാണണമെന്നതായിരുന്നു. ഈ പ്രശ്നത്തിന് സമയബന്ധിതമായി പരിഹാരം കാണണം. അരയാഞ്ഞിലിമണ്ണിലെ ജനങ്ങൾ ഈ മഴക്കാലത്തും ഒറ്റപ്പെട്ടുപോകുകയുണ്ടായി. അവരുടെ യാത്രാദുരിതത്തിന് പരിഹാരം കണ്ട് രണ്ട് സ്ഥലത്തെയും നടപ്പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നടപടി ഉണ്ടാകണം. നിയമപരമായ സങ്കീർണതകൾ പറഞ്ഞ് ഇനിയും കാലതാമസം തുടർന്നുപോകരുത് എന്നതാണ് എന്റെ അഭ്യർത്ഥന.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ പെരുനാട് പഞ്ചായത്തിൽ ഏകദേശം 190 കുടുംബങ്ങളിലായി ആയിരത്തിലധികം ആളുകൾ താമസിക്കുന്ന ഒരു പ്രദേശമുണ്ട്. ആ പ്രദേശത്തേയ്ക്ക് നദിക്ക് കുറുകെ ഒരു പാലം വേണമെന്നുള്ളത് ഒരു പ്രധാനപ്പെട്ട ആവശ്യമായിരുന്നു. അത്തരം കാര്യങ്ങൾ പരിഗണിക്കുന്നതിനുവേണ്ടി 2023-ൽ പദ്ധതി തയ്യാറാക്കുകയും അതിന് ഭരണാനുമതി നൽകി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയുമാണ് ചെയ്തത്. എന്നാൽ, പൊതുമരാമത്ത് വകുപ്പിന് നടപ്പാലം സാങ്കേതികമായി നിർമ്മിച്ച് പ്രവൃത്തി പൂർത്തിയാക്കാൻ ചില പ്രയാസങ്ങളുള്ളതുകൊണ്ട് പദ്ധതി നിലച്ചുപോകുകയും അതിന്റെ ഭരണാനുമതി നഷ്ടപ്പെടുകയും ചെയ്തു. വീണ്ടും ഇക്കാര്യങ്ങൾ പരിശോധിച്ച് പുതുക്കിയ എസ്റ്റിമേറ്റും ഭരണാനുമതിയും നൽകി അക്രഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തി പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി വകുപ്പ് വീണ്ടും നൽകിയിട്ടുണ്ട്. ആ പാലം അടിയന്തരമായി പൂർത്തീകരിക്കാൻ ഇടപെടും എന്നാണ് സഭയെ അറിയിക്കാനുള്ളത്.

## 5) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ പുനർനാമകരണവും പദവി ഉയർത്തലും

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നതും ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ അതിർത്തിയുമായി ബന്ധപ്പെട്ട് നിൽക്കുന്നതുമായ ആശുപത്രിയാണ് നൂറനാട് ലെപ്രസി സാനിറ്റോറിയം. ചരിത്ര പ്രാധാന്യമുള്ള ആശുപത്രിയാണിത്. നാടകകൃത്തും തിരക്കഥാകൃത്തും നിയമസഭാ സാമാജികനും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവുമായിരുന്ന തോപ്പിൽ ഭാസി തന്റെ നിയോജകമണ്ഡലത്തിലെ ഈ ആശുപത്രി നിരന്തരം സന്ദർശിക്കുകയും അവിടത്തെ രോഗികളുടെ പ്രയാസങ്ങൾ നാടകമായി അവതരിപ്പിക്കുകയും ചെയ്തപ്പോഴാണ് 'അശ്വമേധം' നാടകമുണ്ടായത്. നാടകത്തിലെ ഒരു കഥാപാത്രമാണ് സരോജം. "രോഗം ഒരു കുറ്റമാണോ?" എന്ന് ആ നാടകത്തിൽ സരോജം ചോദിക്കുന്നുണ്ട്. മനുഷ്യ മനസ്സിലേക്ക് ആഴത്തിൽ സ്പർശിച്ച ഒരു ചോദ്യമായിരുന്നു അത്. കായംകുളം-പുനലൂർ റോഡിന്റെ സമീപത്തായി നിലകൊള്ളുന്ന നൂറ് ഏക്കറോളം വരുന്ന ഈ

ആശുപത്രി കുഷ്ഠരോഗ നിർമ്മാർജ്ജന പ്രക്രിയയിൽ മാതൃകാപരമായി പ്രവർത്തിച്ചുവരിയാണ്. കുഷ്ഠരോഗ നിർമ്മാർജ്ജനം ഫലവത്തായി മാറിയ ഈ സാഹചര്യത്തിൽ ചരിത്രപ്രാധാന്യമുള്ള ഈ ആശുപത്രിയെ മെഡിക്കൽ കോളേജായോ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായോ ത്വക്ക് രോഗങ്ങളുൾപ്പെടെയുള്ള രോഗങ്ങൾക്ക് ചികിത്സയും പഠനങ്ങളും നടത്താൻ കഴിയുന്ന ദേശീയ-അന്തർദേശീയ ശ്രദ്ധയാകർഷിക്കുന്ന നിലയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായോ ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 23 കോടി രൂപയ്ക്ക് പൂർത്തിയായ പുതിയ കെട്ടിടത്തിലേക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഈ ഗവൺമെന്റിന്റെ കാലത്താണ് ഈ ആശുപത്രി വളപ്പിൽ നഴ്സിംഗ് കോളേജ് അനുവദിക്കപ്പെട്ടതെന്ന സന്തോഷംകൂടി പങ്കുവച്ചുകൊണ്ട് ഈ സബ്മിഷൻ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ലെപ്രസി സാനിറ്റോറിയം എന്നറിയപ്പെടുന്ന നൂറനാട് ആശുപത്രിയുടെ ചരിത്രത്തിലേക്ക് നമ്മെ എത്തിക്കുന്ന നിലയിലാണ് ബഹുമാന്യനായ അംഗം സബ്മിഷൻ അവതരിപ്പിച്ചത്. അദ്ദേഹം പറഞ്ഞതുപോലെ ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ആശുപത്രിയാണിത്. 1934-ലാണ് ഇത് പ്രവർത്തനം ആരംഭിച്ചത്. ആദ്യ കാലത്ത് 1300-ഓളം രോഗികളെയാണ് അവിടെ കിടത്തി ചികിത്സിച്ചിരുന്നത്. കുഷ്ഠരോഗികളെ പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം ആരംഭിച്ചത്. ഈ വർത്തമാന കാലഘട്ടത്തിൽ കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനം വളരെ മെച്ചപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്യുന്ന രോഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തപ്പെടുകയും ഒരു നിശ്ചിത വർഷം കണക്കാക്കിക്കൊണ്ട് അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയുമാണ് ചെയ്യുന്നത്. രാജ്യത്തെ മുഴുവൻ ശരാശരി നോക്കിയാൽ ഏറ്റവും കുറവ് കുഷ്ഠരോഗികളുള്ളതും എന്നാൽ പുതിയ രോഗങ്ങളുണ്ടാകാൻ സാധ്യതയുള്ളതുമായ സംസ്ഥാനമാണ് കേരളം.

ഈ ആശുപത്രിയുടെ വർത്തമാനകാല വികസന ആവശ്യങ്ങൾ മുൻനിർത്തിയുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്. അവിടെ നബാർഡിൽനിന്ന് അനുവദിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മെയിൽ വാർഡ്, ഫീമെയിൽ വാർഡ് എന്നിവയുൾപ്പെട്ട ഐ.പി. ബ്ലോക്ക് കെട്ടിട നിർമ്മാണമാണ് പൂർത്തിയായത്. ഇവിടേയ്ക്ക് ഓക്സിജൻ പ്ലാന്റ്, 200 kVA ജനറേറ്റർ, 300 ബെഡുള്ള ഐ.പി. ബ്ലോക്ക്, കെട്ടിടത്തിലെ 140 കിടക്കകളിലേക്ക് ഓക്സിജൻ പൈപ്പ് ലൈൻ, 16 ഐ.സി.യു. കിടക്കകളിലേക്ക് ഓക്സിജൻ ലൈൻ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. ഇത് ഫംഗ്ഷണലാക്കുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അത് ഉടൻതന്നെ ഉദ്ഘാടനം ചെയ്യാൻ സാധിക്കും. നിലവിൽ ഒരു സൂപ്രണ്ട് ഉൾപ്പെടെ ഡെർമറ്റോളജി വിഭാഗത്തിൽ കൺസൾട്ടന്റ് - 1, ജൂനിയർ കൺസൾട്ടന്റ് - 1, പി.എം.ആർ. വിഭാഗത്തിൽ കൺസൾട്ടന്റ്-1 എന്നിങ്ങനെ ഏഴ് ഡോക്ടർമാരുടെ അംഗീകൃത തസ്തികകളാണ് ഈ ആശുപത്രിയിലുള്ളത്. ഈ ആശുപത്രി സ്ഥിതി ചെയ്യുന്ന ലൊക്കേഷനും അതിന്റെ പ്രാധാന്യവും

കണക്കിലെടുത്തുകൊണ്ട് മികച്ച ചികിത്സാ സൗകര്യം ഉറപ്പാക്കണമെന്നതന്നെയാണ് സംസ്ഥാന സർക്കാർ കണ്ടിട്ടുള്ളത്. ഇപ്പോൾ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ് നൽകിയിരിക്കുന്ന പ്രൊപ്പോസലിൽ ഗവൺമെന്റ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നൂറനാട് എന്ന നിലയിൽ പേര് മാറ്റണമെന്നുള്ളതാണ്. അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉള്ളടക്കത്തിലുമുണ്ടാകും. തീർച്ചയായും ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി നിർദ്ദേശം പരിഗണിച്ചുകൊണ്ട് DHS-ന്റെ പ്രൊപ്പോസലിൽ ഉചിതമായ തീരുമാനം വൈകാതെയുണ്ടാകുന്നതാണ്.